# വാക്കുകൾപൂക്കുന്നു



സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്

# മാഗസിൻ സമിതി

ചീഫ് എഡിറ്റർ

വിനോദ്കുമാർ

ഹെഡ് മാസ്റ്റർ

സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്,പുതുപ്പരിയാരം

എഡിറ്റർ

പ്രീത.സി, എച്ച്.എസ്.എ. മലയാളം

അംഗങ്ങൾ

ടി.വി.ഷാജി

എച്ച്.എസ്.എ.ഫിസിക്കൽ സയൻസ്

അഞ്ജലി.ജെ,9 എ

സൂരജ് ,9 എ

ഐഷാഷെറിൻ,9 ബി

ഹിഷാം,9 ബി

# ആശംസ

കാലത്തിന്റേയും,ദേശത്തിന്റെയും മാറിവരുന്ന അഭിരുചികൾക്കും,അവബോധങ്ങൾക്കുമനുസരിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടാണ് വിദ്യാഭ്യാസം വളരുന്നത്.കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് തലമുറകളെ സജ്ജമാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.അതിന്റെ ഭാഗമായാണ് ഈ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു

ഹെഡ്മാസ്റ്റർ
സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്
പുതുപ്പരിയാരം

# ആശംസ

ഭാവിസമൂഹം രൂപപ്പെടുന്നത് നമ്മുടെ ക്ലാസ് മുറികളിലാണ്. ഓരോ കുട്ടികളുടേയും സമഗ്രവളർച്ചക്കും അവരിലെ കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും വിദ്യാലയത്തിൽ അവസരം ലഭിക്കണം.ആ ഒരു തിരിച്ചറിവിന്റെ ഭാഗമാണ് വാക്കുകൾ പൂക്കുന്നു എന്ന ഈ ഡിജിറ്റൽ മാഗസിൻ.ലിറ്റിൽ കൈറ്റ്സിന്റെ ഈ പ്രവർത്തനത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

പ്രിൻസിപ്പാൾ
സി.ബി.കെ.എം.ജി.എച്ച്.എസ്,എസ്
പുതുപ്പരിയാരം

# ആശംസ

പുരോഗമനചിന്തയിലൂടെ പല സാഹചര്യങ്ങളെ അതിജീവിച്ചുണ്ടായ ആധുനികസംസ്കാരത്തിന്റെ നട്ടെല്ലെന്നു വിശേഷിപ്പിക്കുവാനുള്ളതരത്തിൽ ലോകത്ത് ഇന്ന് ഇൻഫർമേഷൻ ടെക്നോളജി മാറിയിരിക്കുകയാണ്.ഈ കാലഘട്ടത്തിലാണ് നമ്മുടെ ഹൈസ്കൂൾ വിഭാഗം ഐ.ടി.ക്ലബ്ബ് ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിരിക്കുന്നത്.ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

പി.വി.കൃഷ്ണദാസ്
പി.ടി.എ.പ്രസിഡന്റ്
സി.ബി.കെ.എം.ജി.എച്ച്.എസ്.എസ്
പുതുപ്പരിയാരം

# ആശംസ

അറിവ് അനുക്ഷണം വികസിച്ചുകൊണ്ടിരിക്കുകയാണ്.പഴയ അറിവുകൾ തിരുത്തപ്പെടുകയോ,പൂർണമാക്കപ്പെടുകയോ ചെയ്യുന്നു.ഓരോ കാലവും കുട്ടികളിൽ നിന്നാവശ്യപ്പെടുന്നത് വ്യത്യസ്തമായ കഴിവുകളാണ്.ഇന്നത്തെ കാലത്തിന്റെ ആവശ്യം സാങ്കേതികമികവാണ്.അതിന്റെ ഭാഗമായുള്ള ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ബഷീർ
എസ്.എം.ഡി.സി.ചെയർമാൻ
സി.ബി.കെ.എം.
പുതുപ്പരിയാരം

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1 | വിദ്യാലയചരിത്രം | | 8 |
| 2 | ഒരമ്മക്കിളിയും കുഞ്ഞിക്കിളിയും | അർഷിദ | 9 |
| 3 | അമ്മമഴ | സംഗീത | 10 |
| 4 | മൃത്യു | അഞ്ജലി | 11 |
| 5 | ഗണിതം ഭാരതത്തിൽ | ശ്രീജയ.പി | 12 |
| 6 | സാഹിത്യക്വിസ് | | 13 |
| 7 | ഓർമ മനുഷ്യനിൽ | ശ്രുതി | 14 |
| 8 | ഐക്യരാഷ്ട്രസഭയുടെ ഭാഷ -അറബി | മുഹമ്മദ് അലി.പി | 16 |
| 9 | പ്രകൃതി ഒരു വരദാനം | നിത്യ | 18 |
| 10 | എന്റെ മുത്തച്ഛൻ | ഹിഷാം | 19 |
| 11 | നല്ലവനായ ആമക്കുട്ടൻ | സഞ്ജയ് കിരൺ | 20 |
| 12 | മഴ | ഫാത്തിമനസ്രിൻ | 21 |
| 13 | അല്പം ചരിത്രം | മഞ്ജു | 22 |
| 14 | അർഹതയില്ലാത്ത സഹായം ആപത്ത് | ഷിജിനി | 23 |
| 15 | കടങ്കഥകൾ | | 25 |
| 16 | ചിത്രം | ദീപിക.എം | 26 |
| 17 | തായ് വേര് | ഐഷാഷെറിൻ.വി.പി | 27 |
| 18 | പഴഞ്ചൊല്ലുകൾ | | 28 |
| 19 | ചിത്രം | ഫർഹാന | 29 |
| 20 | പരിഹാസം | സൂരജ് | 30 |
| 21 | ഭാരതപ്പുഴ | അഫാൻ | 31 |
| 22 | ചിത്രം | ലിറ്റിൽ കൈറ്റ്സ് | 32 |
| 23 | തവളക്കുട്ടിയും മീനും | ജിഷ്ണു | 33 |
| 24 | ശൈലികൾ | വിബിൻ | 34 |
| | | | |

# വിദ്യാലയചരിത്രം

പാലക്കാട് ജില്ലയിൽ പുതുപ്പരിയാരം പഞ്ചായത്തിൽ 33 വർഷമായി പ്രശസ്തനിലയിൽ പ്രവർത്തിച്ചുവരുന്ന വിദ്യാലയമാണിത്.ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ.സി.ബി.കുഞ്ഞിപ്പയുടെ നേതൃത്വത്തിൽ ഒരുകൂട്ടം വിദ്യാഭ്യാസസ്നേഹികളുടെ കൂട്ടായ കഠിനപ്രയത്നത്തിന്റെ സാക്ഷാത്കാരമാണ് ഈ വിദ്യാലയം.27-09-1984-ലാണ് രൂപം കൊള്ളുന്നത്.3 അധ്യാപകരും,ഒരു 26 കുട്ടികളുമായി ഒരു എട്ടാംക്ലാസ് മാത്രമായാണ് വാടകക്കെട്ടിടത്തിൽ സ്കൂൾ ആരംഭിച്ചത്.2000-ത്തിൽ ഈ സ്ഥാപനം ഹയർസെക്കന്ററിയായി ഉയർത്തപ്പെട്ടു.

അർഷിദ
9.ബി

# ഒരമ്മക്കിളിയും ഒരുകുഞ്ഞിക്കിളിയും

ഒരുദിവസം ഒരമ്മക്കിളിയും കുഞ്ഞിക്കിളിയും തീറ്റതേടിപ്പോയി.അപ്പോൾ ഒരു വേട്ടക്കാരൻ വന്നു.വേട്ടക്കാരന്റെ നേരെ ഒരുമരം ഉണ്ടായിരുന്നു.ആമരത്തിൽ അമ്മക്കിളിയും കുഞ്ഞിക്കിളിയും മരത്തിന്റെ കൊമ്പിൽ ക്ഷീണിച്ചിരിക്കുന്നുണ്ടായിരുന്നു.വേട്ടക്കാരൻ വേഗം തോക്കെടുത്തു.അപ്പോഴേക്കും അമ്മക്കിളി വേട്ടക്കാരനെ കണ്ടു.അമ്മക്കിളിയും,കുഞ്ഞിക്കിളിയും പറന്ന് ഒരു മലയുടെ പിന്നിൽ മറഞ്ഞിരുന്നു. അവരെ വേട്ടക്കാരൻ കണ്ടില്ല.അയാൾ നടന്നുനടന്നുപോയി.അങ്ങനെ അമ്മക്കിളിയും കുഞ്ഞിക്കിളിയും പറന്നു വീട്ടിലേയ്ക്കുതന്നെപോയി.

സംഗീത
9.എ

# അമ്ലമഴ

കാർമേഘങ്ങൾ ഇരുണ്ടു നിൽക്കുന്നു. ഇതിലൂടെ തന്റെടെ ജിവൻ രക്ഷിക്കുന്നതിനായി ഓടുന്ന ഒരു പക്ഷി. ആ പക്ഷിയുടെ പേര് നീലിമ. പെട്ടെന്നാണ് ശ്രദ്ധിച്ചത് അവൾക്ക് മഴ അലർച്ചിയാണ്
തോന്നുന്നു.
മഴയുടെ ഒരു തുള്ളിയും അവളുടെ ദേഹത്ത് പതിക്കാതെ ചില്ലകളിൽ അവൾ ഒളിനിരിക്കുന്നു.ഞാൻ അവളെ മാടി വിളിച്ചു. ഞാൻ അവളുടെ വിശേഷങ്ങൾ തിരക്കി. അപ്പോൾ എന്നോടു യാജിച്ചു.
ശരിരത്തിൽ അമ്ലമഴ തുള്ളി വിഴാതെ കാത്തു രക്ഷിക്കണമെന്ന് എന്നാൽ അവൾ പറഞ്ഞത് എനിക്ക്
മനസ്സിലായില്ല. ഞാൻ അവളോട്ചോദിച്ചു.അപ്പോൾ അവൾ പറഞ്ഞു അവളുടെ ശരിരത്തിൽ അമ്ലമഴ തുള്ളി വീണാൽ അവൾ മരിക്കുമെന്ന് എനിക്ക് വിശ്വസിക്കാൻ ആയില്ല .ഞാൻ അവളെ എന്നെ കൊണ്ട് കഴിയും വിധം കാറ്റ് ലഭിക്കുന്ന ഒരു കൂട്ടിൽ കൊണ്ടു പോയി. അവൾക്ക് പറ്റിയ വിധം ക്രമീകരിച്ച ഒരു കൂട് .പെട്ടെന്ന് ഒരു ദിവസം ശക്തമായ കാറ്റ് വീശി.ഞാൻ പക്ഷിക്ക് ഒരു മുന്നറിയിപ്പ് 10 കൊടുത്തിരുന്നു. 'നല്ല കാറ്റ് വരുന്നു. മഴ പാറും ആയതുകൊണ്ട് നീ കൂട്ടിൽ തന്നെ ഇരിക്കുന്നു എന്ന്" പക്ഷേ അവൾ കൂട്ടിൽ നിന്നു വെളിയിൽ വന്നു. അതിശക്തമായ കാറ്റ് അവളെ വലിച്ചു കൊണ്ടു പോയി. പെട്ടന്ന് അവളുടെ ചിറകുകൾ ഓരോന്നായി വീഴാൻ

തുടങ്ങി. അവൾ നിലവിളിച്ചു. എന്നാൽ അവളുടെ നിലവിളി എനിക്ക് കേൾക്കാൻ സാധിച്ചില്ല. അവൾ ഒരു ചില്ലയിൽ കുടുങ്ങി നിന്നു. കാറ്റിന്റെ ശക്തിയിൽ അവളുടെ പകുതി ജീവൻ പോയിരുന്നു. അവൾക്ക് പറക്കുവാൻ കഴിയുന്നില്ല. അവൾ ചില്ലയിൽ തന്നെ നിന്നു. പെട്ടെന്ന് ശക്തമായ മഴ വന്നു. ആ മഴ വെറും ഒരു മഴയായിരുന്നില്ല. അത് അമ്ലമഴയായിരുന്നു. ഈ മഴയുടെ ആദ്യത്തെ തുള്ളി പക്ഷിയുടെ ദേഹത്ത് സ്പർശിച്ചു. അപ്പോൾ തന്നെ അവളുടെ ജീവൻ തുടിച്ചിരുന്നു.

അഞ്ജലി.ജെ
9.എ

# മൃത്യു

എന്നെ അറിയുന്ന  കൂട്ടുകാരാ.........
നീയില്ലാതെ പിടയുന്നു ഞാനിവിടെ
അറിയുന്നുവോ നീയെൻ ഹൃദയനൊമ്പരം
അറിയാതെ  പോയോ എൻ മധുരസ്നേഹം

എന്നെ അറിയുന്ന  കൂട്ടുകാരാ.........

നിന്നുടെ സാമിപ്യം എനിക്കാനന്ദകരം
നീയില്ലാ നേരം ഞാൻ ജീവച്ഛവം
നിന്നുടെ ഓർമ്മകൾ  മാത്രമായി ഞാനി
വിടെ
അറിയാതെ പിടയുന്നു കാലങ്ങളായി

നാം പങ്കുവച്ച നിമിഷങ്ങളെല്ലാം തിരികെ
വരുവാനുള്ള പ്രാർത്ഥനയായി
എന്നെ അറിയുന്ന  കൂട്ടുകാരാ
നീയില്ലാതെ പിടയുന്നു ഞാനിവിടെ............

ശ്രീജയ.പി
എച്ച്.എസ്.ടി.

# ഗണിതം ഭാരതത്തിൽ

ബി.സി.ആറാംനൂറ്റാണ്ടിനു മുമ്പുതന്നെ ഭാരതീയഗണിതശാസ്ത്രം വളരെയേറെ പുരോഗതി പ്രാപിച്ചിരുന്നു.സുല്യസൂത്രങ്ങൾഎന്നക്ഷേത്രഗണിതഗ്രന്ഥങ്ങൾഎഴുതപ്പെട്ടത്ഇക്കാത്താണ്.ഋഗ്വേദസംഹിത, തൈത്തിരീയബ്രാഹ്മണം തുടങ്ങിയ അതിപുരാതനഗ്രന്ഥങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതായിരുന്നുഇവ.പലജ്യാമിതീയരൂപങ്ങളെകിുറിച്ചുംഅവയുടെനിർമിതിയെക്കുറിച്ചുമെല്ലാംഇതിൽപ്രതിപാദിക്കുന്നു.വ്യത്യസ്തമായഒരു സമീപനത്തോടെ യൂക്ലിഡ് ഇവവിശദീകരിക്കുന്നുണ്ട്.

# സാഹിത്യക്വിസ്

1.കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ?

എഴുത്തച്ഛൻ

2.ലോകത്തിലെ ഏറ്റവും വലിയ ഇതിഹാസകാവ്യം?

മഹാഭാരതം

3.മലയാളത്തിലെ ആദ്യത്തെ നോവൽ?

കുന്ദലത

4 പാവങ്ങൾ എന്ന നോവൽ എഴുതിയതാര്?

വിക്ടർ ഹ്യൂഗോ

5 വാദ്ധ്യാർ കഥകൾ ആരുടെ കഥകൾക്കുള്ള വിശേഷണമാണ്?

കാരൂർ നീലകണ്ഠപ്പിള്ള

6 കൂടിയാട്ടം പരിഷ്കരിച്ചത് ഏതു രാജാവാണ്?

കുലശേഖര വർമൻ

7 കേരളകലാമണ്ഡലം സ്ഥാപിച്ചതാര്?

വള്ളത്തോൾ നാരായണമേനോൻ

8 ചാക്യാർകൂത്തിനുപയോഗിക്കുന്ന വാദ്യമേത്?

മിഴാവ്

9 മാധവിക്കുട്ടിയുടെ ആത്മകഥ ഏത്?

എന്റെകഥ

10 കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസമാസിക?

ഉപാദ്ധ്യായൻ

ശ്രുതി
എച്ച്.എസ്.ടി
നാച്ചുറൽ സയൻസ്

# ഓർമ മനുഷ്യരിൽ

മനുഷ്യന്റെ കാര്യമെടുത്താൽ വളരെ സങ്കീർണമായൊരു പ്രതിഭാസമാണ്ഓർമ.നമ്മുടെകുട്ടിക്കാലത്തെക്കുറിച്ചാലോചിക്ക മ്പോൾ താമസിച്ചിരുന്ന വീടിന്റെ ചിത്രവും,കൂട്ടുകാരുടെ മുഖവുമെല്ലാം മനസിലുദിക്കുന്നു.ഇതൊരുതരം ഓർമയാണ്.ഒരു നിശ്ചിതസ്ഥലത്തേക്ക് പോകുവാനുള്ള വഴി ഓർമയിൽ വരുന്നത് വേറൊരുതരം ഓർമയാണ്. ഓർമകളില്ലെങ്കിൽ നമ്മുടെ വ്യക്തിത്വം തന്നെ നഷ്ടപ്പെടുന്നു.നാം ആരാണെന്ന് നമുക്കുതന്നെ അറിയാതെവരും.

ഇത്രയും സങ്കീർണമായൊരുപ്രതിഭാസത്തെക്കുറിച്ച് പൂർണമായൊരു വിശദീകരണം നല്കുകയെന്നത് സാധ്യമല്ല.

(മസ്തിഷ്കശാസ്ത്രത്തിന്റെ ഇന്നത്തെ അവസ്ഥയിൽ സാധ്യമല്ലെന്നുമാത്രമാണുദ്ദേശിച്ചത്.)എങ്കിലുംസമീപകാലത്ത് ഈരംഗത്ത്ഗണ്യമായപുരോഗതിയുണ്ടായിട്ടുണ്ട.അതീവസങ്കീർണങ്ങളായ പ്രതിഭാസങ്ങളെ വിവിധവകകളായി തിരിച്ച് അപഗ്രഥിച്ചാണ്ശാസ്ത്രംപുരോഗമിക്കുന്നത്.ഇതാണ് ശാസ്ത്രത്തിന്റെ ന്യൂനീകരണരീത.ഇതിനുപോരായ്മകളുണ്ട.എങ്കിലുംശാസ്ത്രപുരോഗതിയിൽ ഈ രീതികൊണ്ട് വലിയ പ്രയോജനമുണ്ടായിട്ടുണ്ട്.

ഓർമകളെരണ്ടായിതരംതിരിക്കാം .ഹ്രസ്വകാലഓർമയും,ദീർഘകാലഓർമയും.ഒരാളെകണ്ടുമുട്ടി,അയാളുമായി സംസാരിച്ചു.അത്രപ്രാധാന്യമില്ലെങ്കിൽ താമസിയാതെ അക്കാര്യം മറന്നുപോകും.എന്നാൽ വളരെ പ്രധാനപ്പെട്ട കാര്യമാണ് സംസാരിച്ചതെങ്കിൽ വർഷങ്ങൾ കഴി

ഞ്ഞാലും അതെക്കുറിച്ച് ഓർമയുണ്ടാവും.ഇതുരണ്ടും വ്യത്യസ്ത പ്രക്രിയകളാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

അപ്പപ്പോൾ നടക്കുന്ന കാര്യങ്ങൾ രേഖപ്പെടുത്തുന്നത്,മസ്തിഷകത്തിലെ

ഹിപ്പോക്യാംപസ് എന്നഭാഗത്താണ്.ഇവിടെനിന്നും രണ്ടോ മൂന്നോ ദിവസങ്ങൾ കഴിയുമ്പോഴാണ് വിവരങ്ങൾ മസ്തിഷ്കത്തിന്റെ കോർട്ടെക്സിലേക്ക് കൈമാറപ്പെടുന്നത്.കൈമാറ്റം നടന്നുകഴിഞ്ഞാൽ എത്രകാലം കഴിഞ്ഞാലും അവ ഓർമയിലുണ്ടാകും.ശസ്ത്രക്രിയമൂലം ഹിപ്പോക്യാംപസ് നീക്കം ചെയ്യപ്പെട്ടവർക്ക് ദീർഘകാല ഓർമശക്തി ഉണ്ടായിരിക്കുകയില്ല.ശസ്ത്രക്രിയ ചെയ്ത ഡോക്ടറെത്തന്നെ ഓരോ ദിവസവും പരിചയപ്പെടുത്തേണ്ടിവരും.

ഭീതിയുളവാക്കുന്ന ഓർമകൾ നിലനിർത്തുന്നതിൽ അമിഗ്ദല എന്നഭാഗത്തിന്പങ്കുണ്ട്..അതുപോലെവസ്തുതകളെസംബന്ധിച്ചഓർമകൾകോർടെക്സിന്റെപാർശ്വദളത്തിലാണ്സൂക്ഷിച്ചുവച്ചിരിക്കുന്നത്.സൈനാപ്സുകളുടെപ്രവർത്തനവും അവ തമ്മിലുള്ള പരസ്പരബന്ധവുമാണ് ഓർമകളുടെ നാഡീയ അടിസ്ഥാനം.ദീർഘകാല ഓർമക്ക്പ്രോട്ടീൻ ഉത്പാദനം ആവശ്യമാണ്.ഈ പ്രോട്ടീനുകൾ കോശസ്തരങ്ങളെ ഒട്ടിച്ചുചേർക്കുന്ന തന്മാത്രകളാണ്. സൈനോപ്സുകളിൽ പുതിയ ബന്ധങ്ങൾ ഉണ്ടാക്കുവാൻ ഇവ ആവശ്യമാണ്.

പി.മുഹമ്മദലി
എച്ച്.എസ്.ടി അറബിക്

# ഐക്യരാഷ്ട്രസഭയുടെ ഭാഷ- അറബി

ഇന്ന് ലോകത്ത് പ്രചാരത്തിലുള്ള ഏറ്റവും പ്രധാനഭാഷകളിലൊന്നാണ് അറബിഭാഷ.ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുന്ന ഗ്രന്ഥമായ ഖുറാനിന്റെ ഭാഷകൂടിയാണ് അറബി.കോടിക്കണക്കിനുജനങ്ങൾ ഏതാണ്ട് 45 ലോകരാഷ്ട്രങ്ങളുടെ സംസാരഭാഷ.ശാസ്ത്ര സാങ്കേതികരംഗത്തും ഇൻഫർമേഷൻ ടെക്നോളജിയിലും വളരെ മുൻപന്തിയിൽ നില്ക്കുന്നതും അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്നതുമായ ലളിത സുന്ദരമായ ഭാഷയാണ് അറബിഭാഷ.

നാലായിരത്തിൽപരം വർഷം കൈകാര്യം ചെയ്തിട്ടും തനിമ നിലനിൽക്കുന്നതോടൊപ്പം,ആധുനികമായ എല്ലാപുരോഗതികൾക്കുമൊപ്പം തലയുയർത്തി നിൽക്കുന്ന ഭാഷയാണ് അറബി.

പത്തുനൂറ്റാണ്ടുകൾക്കുമുമ്പ് നവനവങ്ങളായ വ്യത്യസ്ത ശാസ്ത്രവിജ്ഞാനങ്ങൾ ലോകത്തിന് പരിചയപ്പെടുത്തിയ ഭാഷകൂടിയാണിതെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.ഇതുകൊണ്ടുതന്നെയാണ് ലോകരാഷ്ട്രങ്ങളുടെ ചർച്ചാകേന്ദ്രമായ ഐക്യരാഷ്ട്രസഭ അറബിഭാഷയെ പതിനെട്ടാമത്തെഭാഷയായി പ്രഖ്യാപിച്ചുയെന്നത് ആ ഭാഷയുടെ പ്രാധാന്യത്തെ ഒന്നുകൂടി ശക്തിപ്പെടുത്തുന്നതായി മനസിലാക്കാൻ കഴിയും

മാനവകുലത്തിന്റെ ആദ്യപിതാവായ ആദം സംസാരിച്ചഭാഷയാണ്അറബിയെന്ന്ചരിത്രംരേഖപ്പെടുത്തുന്നുണ്ട്അത്അറബിഭാഷയുടെ പൗരാണികതയെ സൂചിപ്പിക്കുന്നു.

ഹീബ്രു,ഗ്രീക്ക് തുടങ്ങിയ ഭാഷകളിൽ സെമറ്റിക് ഭാഷയിൽനിന്നാണ്തുടക്കം.പില്ക്കാലത്ത്രാജകീയസദസുകളിലൂടെയുംവാണിജ്യകേന്ദ്രങ്ങളി

ല്യൂടെയും അറബിഭാഷ വളരാൻ തുടങ്ങി.

ഇരുപത്തെട്ടക്ഷരങ്ങൾ മാത്രമുള്ള അറബിഭാഷ വരമൊഴി സൗകര്യമുള്ളതായി .ഇതാണ്അറബിക്കാലിഗ്രാഫിയെന്ന്അറിയപ്പെടുന്നത്.മസ്ജിദുകളിലും കൊട്ടാരങ്ങളിലും ഇവ പ്രത്യക്ഷപ്പെട്ടു.

ഇന്ന്ഇന്ത്യയുടെ വിവിധങ്ങളായ യൂണിവേഴ്സിറ്റികളിൽ അറബി ഗവേഷണവിഷയമാണ്.കേരളത്തിലെ പ്രഥമികകലാലയങ്ങൾ മുതൽ ഉന്നത വിദ്യാഭ്യാസകേന്ദ്രങ്ങളിൽവരെ അറബിഭാഷ പഠനവിധേയമാണ്.

വായിക്കാനും,പഠിക്കാനും എളുപ്പത്തിൽ സാധ്യമാവുന്ന ഈ ഭാഷയെ നാം അടുത്തറിയാൻ ശ്രമിക്കുക.കേരളത്തിൽ മാറിമാറിവരുന്ന സർക്കാരുകൾ ഇവയുടെ പരിപോഷണത്തിനായി കാര്യമായ ശ്രമങ്ങൾ നടത്തുന്നുയെന്നത് അറബിഭാഷയുടെ പ്രാധാന്യമൊന്നുകൂടി വ്യക്തമാക്കുന്നു.

നിത്യ
9.എ

# പ്രകൃതി ഒരു വരദാനം

പ്രകൃതി ഒരു വരദാനമാണ്. അത് നമ്മുടെ കൈകൾക്കുള്ളിൽ സംരക്ഷിക്കുന്നതാണ്. പ്രകൃതിയിലെ ഓരോ പച്ചപ്പിലും ഉണ്ട് ഒരു സൗന്ദര്യം. അത് നശിപ്പിക്കുന്നത് മനുഷ്യർ മാത്രമാണ്. കുന്നുകൾ,മരങ്ങൾ,പൂവുകൾ എന്നിവയാണ് പ്രകൃതിയുടെ സൗന്ദര്യം. അത് എല്ലാം നശിപ്പിച്ച വരുകയാണ്. വയലുകൾ എല്ലാം മണ്ണിട്ട് നികത്തി. അവിടെ വലിയ വലിയ കെട്ടിടങ്ങൾ ഉയർന്നു വരുന്നവരുകയാണ്. പണ്ടു കാലത്ത് മനുഷ്യരുടെ ഉപജീവനമാർങ്ങൾ അന്യനാട്ടിൽ പോയി ഫാക്ടറികളിൽ ജോലി ചെയ്യുകയാണ്. നാട്ടിൽ കൃഷിക്ക് തൊഴിലാളികളെ കിട്ടാതായി. മനുഷ്യർ പ്രകൃതിയെ ഇനിയും നശിപ്പിക്കാതിരിക്കുക.

ഹിഷാം
9.ബി

# എന്റെ മുത്തച്ഛൻ

വണ്ടിയുടെ മുന്നിലെ വെളിച്ചവും
വെട്ടിത്തിളിങ്ങുന്ന മഴത്തുള്ളികളും...
കണ്ണഞ്ചിപ്പിച്ച തവളകളെ കൈക്കുമ്പിളിലാക്കി
വഴിയിൽ നിന്ന് മാറ്റിവയ്ക്കാൻ
ആ വയസ്സൻ ഏറെ തവണ വണ്ടി നിർത്തി പുറത്തിറങ്ങി.
അയാളുടെ നരച്ച തലമുടിക്കു ചുറ്റും
നനുത്ത മഞ്ഞുപോലെ മഴത്തുള്ളികൾ പാറി വീണുകൊണ്ടേയിരുന്നു.
"നമുക്കിനിയും ഏറെ വഴി പോകേണ്ടതുണ്ട്.
ലോകത്തെ തവളകളെയൊക്കെ രക്ഷിക്കാൻ നമുക്കാവില്ല,
മടങ്ങിവരൂ"
എന്നു ഞാനും പറഞ്ഞുകൊണ്ടേയിരുന്നു.
കാലം ചുളിപ്പിച്ച കൈകളിലൊതുക്കിയ
ജീവന്റെ വഴുവഴുപ്പൻ തുടിപ്പുമായി ആ വയസ്സൻ
വഴിവക്കത്തെ മുട്ടറ്റമുയർന്ന പുല്ലിൽ
മെല്ലെ നിവർന്നു നിന്ന് ചിരിച്ചിട്ടു പറഞ്ഞു:

"അതേ,അവർക്കും പോകേണ്ടതുണ്ട് വഴി ഇനിയുമേറെ."

സഞ്ജയ് കിരൺ.ടി
8.ബി

# നല്ലവനായ ആമക്കുട്ടൻ

പണ്ടുപണ്ട് ഒരുനാട്ടിൽ ഭയങ്കര വികൃതിയായ ഒരു മുയൽ ഉണ്ടായിരുന്നു.അവൻ അവരുടെ മുമ്പിൽ പെടുന്ന ജീവികളെ ഉപദ്രവിക്കുമായിരുന്നു.അന്നവൻ നടന്നുപോകുമ്പോൾ ഒരമ്മപ്പക്ഷി ഒരു സ്ഥലത്തുണ്ടായിരുന്നു,അമ്മക്കിളി തന്റെ കുഞ്ഞിനു തീറ്റതേടി പോവുകയായിരുന്നു.എന്നാൽ ആ വികൃതിയായ മുയലിന്റെ മുമ്പിൽ ആ പക്ഷിക്കുഞ്ഞിനെ കണ്ടു.വികൃതിയായ അവൻ കയ്യിൽകിട്ടിയ ഒരുകല്ലുപയോഗിച്ച് അതവൻ എറിഞ്ഞുവീഴ്ത്തി.ആ കിളിക്ക് നന്നെ പരിക്കുപറ്റി ദേഹമാകെ മുറിവേറ്റു.എന്നാൽ ദുഷ്ടനായ മുയൽ അതിനെയൊന്ന് തിരിഞ്ഞുനോക്കുകപോലും ചെയ്യാതെ കടന്നുകളഞ്ഞു.ആ പക്ഷിക്കുഞ്ഞിന്റെ നിലവിളികേട്ട് ഒരു ആമ വന്നു.അവൻ പക്ഷിക്കുഞ്ഞിന് മരുന്നുവെച്ചുകൊടുത്ത് കൂട്ടിത്തന്നെകൊണ്ടുവെച്ചു.അതുവഴിവന്ന അമ്മക്കിളിയോട് ഇതൊക്കെ കണ്ടുനിന്ന കുരങ്ങൻ നടന്നകാര്യങ്ങൾ പറഞ്ഞു. മുയലിനെ ഒരു പാഠം പഠിപ്പിക്കാൻ എല്ലാവരും കൂടിതീരുമാനിച്ചു.
അമ്മക്കിളിയോട് കൂടുവിട്ടുപോവാൻ കുരങ്ങനമ്മാവൻ പറഞ്ഞു.അമ്മക്കിളി പറന്നുപോകുന്നതുകണ്ട മുയൽ കുഞ്ഞിക്കിളിയെ എറിയാനായി ഒരു വലിയ കല്ലെടുത്തു.എന്നാൽ ആ കല്ല്
മുയലിനുള്ളകെണിയിയിരുന്നു.അവൻ അതിൽപ്പെട്ടു.എല്ലാവരും കൂടി അവനെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കി.
അതിനുശേഷം മുയൽ ആരേയും ഉപദ്രവിച്ചിട്ടില്ല.

ഫാത്തിമനസ്രിൻ
**9.എ**

# മഴ

ഒരു ചാറ്റൽ മഴയുടെ
നനുത്ത
പരിഭവമായി
ഓർമ്മക്കുറിപ്പുകളിലൂടെ
മറക്കാത്ത
അക്ഷരമായി,
മനസ്സിൽ പെയ്തുനിറയുന്ന
സൗഹൃദമായി,
സാന്ത്വനത്തിന്റെ അമൃത-
സ്പർശമായി,
സ്വപ്നങ്ങളിലെ
പ്രകാശദൂരമായി,പിന്നെ
തിരുത്താനാവാത്ത
നൊമ്പരമായി

മഞ്ജു
എച്ച്.എസ്.ടി
സോഷ്യൽ സയൻസ്

# അല്പം ചരിത്രം

ഇന്ത്യയുടെ തെക്കുഭാഗത്ത് അറബിക്കടലിലേക്ക് നാക്കിലപോലെ നീണ്ടുകിടക്കുന്ന കേരളസംസ്ഥാനം.ദൈവത്തിന്റെ സ്വന്തം നാടെന്നറിയപ്പെടുന്ന കേരളസംസ്ഥാനത്തെ പശ്ചിമഘട്ടപർവതനിരകളും 44 നദികളും സമ്പന്നമാക്കുന്നു.അയൽസംസ്ഥാനമായ തമിഴ് നാട്ടിലേക്കുള്ള കവാടമായി പാലക്കാട് ചുരം നാലകൊള്ളുന്നു.നല്ലമണമുള്ള പാലമരങ്ങളുടെ നാടെന്നും പാലക്കാടിന് അർത്ഥമുണ്ട്.പശ്ചിമഘട്ടത്തിലെ ഉയരം കുറഞ്ഞ ചുരങ്ങളിലൊന്നാണ് പാലക്കാട് ചുരം.ഇത് പാലക്കാടിനേയും കോയമ്പത്തൂരിനേയും ബന്ധിപ്പിക്കുന്ന ഇതിന്റെ ശരാശരി ഉയരം 140 മീറ്ററാണ്.വീതി ഏകദേശം 24 മുതൽ 32 കി.മി.വരെയാണ്.വടക്ക് നീലഗിരി മലനിരകളും  തെക്ക് ആനമലൈ മലനിരകളും ആണ്.തീരപ്രദേശങ്ങൾ തീരെയില്ലാത്ത പാലക്കാട് ജില്ല ഭൂമിശാസ്ത്രപരമായി വൈവിധ്യങ്ങൾകൊണ്ട് ശ്രദ്ധേയമാണ്.

ഷിജിനി
9.എ

# അർഹതയില്ലാത്ത സഹായം ആപത്ത്

ഒരു കുട്ടിയും തത്തമ്മയും തമ്മിൽ ഒട്ടകത്തെ സഹായിക്കാൻ തയ്യറായ കഥ

തത്തമ്മ ചോദിച്ചു നീ ആരാ ? ഈ കാട്ടിൽ ഇതുവരെ കണ്ടിട്ടില്ല ? കുട്ടി ;- ഇതാണ് ഒട്ടകം

കൂട്ടുക്കാരെ എന്നെ ഒന്ന് സഹായിക്കണം ഞാൻ പുല്ല് തിന്നു തിന്നു വഴിതെറ്റി വന്നതാ തിരിച്ചു പോകാനുള്ള വഴി എനിക്ക് അറിയില്ല .

എന്നെ ഒന്ന് സഹായിക്കണം .എനിക്ക് വഴി കാണിച്ചു തന്നാൽ ഞാൻ നിങ്ങൾക്ക് ഒരു കഥ പറഞ്ഞു തരാം സിംഹത്തിന്റെ . എന്നാൽ കഥ പറഞ്ഞു താ ഒട്ടകചോട്ടാ........... ഞങ്ങൾ വഴി കാണിച്ചു തരാം

പണ്ട് പണ്ട് ഞങ്ങളുടെ നാട്ടിൽ ഒരു സിംഹം ഉണ്ടായിരുന്നു ആ സിംഹം എല്ലാം മൃഗത്തെയും കഴിക്കും. അങ്ങനെ ഒരു മാനിനെ പിടിച്ചു തിന്നുമ്പോൾ വലിയൊരു എല്ല് അവന്റെ തൊണ്ടയിൽ കുടുങ്ങി ഈ എല്ലെടുക്കാതെ ഞാൻ എങ്ങനെ ആഹാരം കഴിക്കും ഒരു പന്നിക്കുട്ടി അതു വഴി പോഴി . അപ്പോൾ സിംഹം പന്നിക്കുട്ടി എന്റെ വായിലെ എല്ലൊന്ന് എടുത്തു തരാമോ? വേണ്ട
ഞാൻ നിന്റെ അടുത്തു വരില്ല മാനോടും ചോദിച്ചു ഇല്ലാന്നു പറഞ്ഞു കൊക്കിനോടും ചോദിച്ചു നിന്നെ കാണാൻ എന്തു ഭംഗിയാണ് വെള്ള ഉടുപ്പും നീണ്ട കൊക്കും എന്തൊരു ഭംഗിയാണ് . നീ എന്റെ വായിൽ കുടുങ്ങിയ എല്ല് ഒന്ന് എടുത്തു തരുമോ എന്നാൽ തവള കുളം കാണിച്ചു തരാം തവള കുളം എന്നു കേട്ടപ്പോൾ അവനു സന്തോഷം തോന്നി .

വിടെയാ തവള കുളം പറഞ്ഞുതാരു ആദ്യം നീ എന്റെ വായിൽ കുടുങ്ങിയ എല്ല് ഒന്ന് എടുത്തു തരു എന്നാൽ ഞാൻ കാണിച്ചു തരാം അങ്ങനെ ആ കൊക്ക് അത് എടുത്തു കൊടുത്തു
നീ എനിക്ക് വേഗം തവള കുളം കാണിച്ചു തരു നിനക്ക് ഞാൻ തവള കുളം കാണിച്ചു

തരണംഎന്നോ ? വേഗം പൊയ്ക്കോ ഇല്ലെങ്കിൽ നിന്നെ
ഞാൻ പിടിച്ചു തിന്നും

അയ്യോ.............................

ഈ വഴി നടന്നോ ഒട്ടകചേട്ടാ അന്നാൽ നിങ്ങളുടെ നാട്ടിൽ എത്തും ശരി
ഞാൻ പോകട്ടെ

അർഹതയില്ലാത്തവരെ സഹായിച്ചാൽ ആപത്തുണ്ടാകും .

ശരി

നന്ദി കൂട്ടുകാരേ........

# കടങ്കഥകൾ

മുറ്റത്തെ ചെപ്പിനടപ്പില്ല

*കിണർ

അകത്തറുത്താൽ പുറത്തറിയും

*ചക്ക

ഇത്തിരി മുറ്റത്തഞ്ചാളുകൾ

*കൈവിരലുകൾ

വട്ടത്തിൽ ചവിട്ടിയാൽ നീളത്തിലോട്ടം

*സൈക്കിൾ

അകമില്ല പുറമില്ല ഞെട്ടില്ല വട്ടയില


*പപ്പടം

ആനയ്ക്കു നിൽക്കാൻതണലുണ്ട് ജീരകം പൊതിയാൻ ഇലയില്ല

*പുളിമരം

ദീപിക
10.എ



ഐഷാഷെറിൻ
9.ബി

# തായ് വേര്

അമ്മതൻ പൂഞ്ചേല തുമ്പിലായല്ലയോ
ആദ്യമായ് സ്നേഹബന്ധം കൊരുത്തത്
തായ് വേരിൻ താങ്ങിലായല്ലയോ നമ്മുടെ
വിത്തുകൾ മണ്ണിൽ കുരുത്തത്.
അമ്മതന്നമ്മിഞ്ഞപ്പാലിൻ മധുരമല്ലയോ
ആദ്യമായ് നാവിൽ കുറിച്ചത്.
അമ്മതൻ താരാട്ടു പാട്ടിൻ സ്വരമല്ലോ
എന്നുമേ നമ്മെയുറക്കിയത്.
കണ്ണീർ കുടിച്ചിട്ടും
വിശപ്പു സഹിച്ചിട്ടും
കണ്ണീരു തെല്ലു വരുത്താതെയെന്നെ
കാത്തുകൊള്ളുന്ന ദൈവമാണമ്മ
മുതിരുമ്പോൾ മക്കൾ ചിലപ്പോൾ
മാതാവിൻ നന്മ മറക്കും
തളരുമ്പോൾ താനെ മക്കൾ
തായ് വേരിൽ താങ്ങി നാം കൊഞ്ചും
അമ്മ ചൊല്ലുന്ന വാക്കുകളൊക്കെയും
അക്ഷരംതെറ്റാതനുസരിക്കു
കാറ്റും കടലും പാറിവരുന്നതും
അലകടൽ കുതിച്ചുയർന്നു വരുന്നതും
അമ്മയെ കാണാൻ കൊതിച്ചിട്ടല്ലോ
എന്നമ്മയെ കാണാൻ കൊതിച്ചിട്ടല്ലോ

# പഴഞ്ചൊല്ലുകൾ

1.വിദ്യാധനം സർവധനാൽ പ്രധാനം.

2.അക്കരെനിന്നാൽ ഇക്കരെപ്പച്ച.

3.കരയുന്ന കുട്ടിക്കേ പാലുള്ളൂ.

4.പയ്യെത്തിന്നാൽ പനയും തിന്നാം.

5.അരിയെറിഞ്ഞാൽ ആയിരം കാക്ക.

6.കുരയ്ക്കും പട്ടി കടിക്കില്ല.

7.അകത്തുകത്തി പുറത്തുപത്തി.

8.ആറ്റിൽ കളഞ്ഞാലും അളന്നുകളയണം.

9. ഉപ്പുതിന്നവൻ വെള്ളം കുടിക്കും.

10.കാണം വിറ്റും ഓണം ഉണ്ണണം.

ഫർഹാന
9.ബി



# പരിഹാസം

സൂരജ്
9.എ

അനു ഒരു മുല്ലച്ചെടിയും റോസ് ച്ചെടിയും വാങ്ങിച്ചു. വീട്ടിലേക്കു കൊണ്ടുപോയി നട്ടു വളർത്തി. ഒരു നാൾ മുല്ലയിലും റോസിലും മൊട്ട് വന്നു. അനുവിന് മുല്ലപ്പൂവ് തലയിൽ വയ്ക്കാൻ കൊതി തോന്നി. റോസിൽ മൊട്ട് വന്നിട്ടേയുള്ളൂ. അതുകൊണ്ട് റോസിനെ പറിച്ചില്ല. ഒരു നാൾ മുല്ലച്ചെടിക്ക് ആപത്തു വന്നു. അപ്പോൾ റോസ് പൂവ് മുല്ലയെ കളിയാക്കി ചിരിച്ചു. അപ്പോൾ മുല്ലച്ചെടി തലതാഴ്ത്തി നിന്നു. അനു വന്ന് റോസിനെ പിച്ചിയിട്ട് തലയിൽ വെച്ചു. അപ്പോൾ റോസ് വീണ്ടും മുല്ലയെ കളിയാക്കി. മുല്ലച്ചെടി അതിനോട് തർക്കിക്കാൻ നിന്നില്ല. അനു ബക്കറ്റിൽ മുല്ലച്ചെടിക്ക് വെള്ളം ഒഴിച്ചുകൊടുത്തു. ഒരു ദിവസം മുല്ലയിൽ മൊട്ട് വന്നു. റോസിൽ ഒന്നുമില്ല. വെറും ഉണങ്ങി കരിഞ്ഞ ഇലകൾ മാത്രം. മുല്ലച്ചെടി റോസിനെപ്പോലെ കളിയാക്കിയില്ല. ഈ കഥയിൽ നിന്ന് ആരേയും കളിയാക്കി പറയരുത് എന്ന് മനസ്സിലാക്കാം.

അഫാൻ
9.എ

# ഭാരതപ്പുഴ

ഭാരതപ്പുഴയുടെ പ്രധാനശാഖ ഉത്ഭവിക്കുന്നത് പശ്ചിമഘട്ടത്തിലെആനമലയിൽലനിന്നാണ്..പടിഞ്ഞാറോട്ടൊഴുകുന്ന ഈ പുഴ കേരളത്തിലെ പാലക്കാട്,തൃശ്ശൂർ,മലപ്പുറം ജില്ലകളിലൂടെയാണ് ഒഴുകുന്നത്.പല കൈവഴികളും നിളയിൽ ഇതിനിടയ്ക്ക് ചേരുന്നു.40 കിലോമീറ്ററോളം ദൂരത്തിൽ പൊള്ളാച്ചി
വരെ പുഴ വടക്കോട്ടാണ് ഒഴുകുന്നത്. പറളിയിൽ കണ്ണാടിപ്പുഴയും കൽപാത്തിപ്പുഴയും ഭാരതപ്പുഴയിൽചേരുന്നു.അവിടെ നിന്ന് പൊന്നാനിയിൽചെന്ന് ലക്ഷദ്വീപ് കടലിൽ പതിക്കുന്നതുവരെ ഭാരതപ്പുഴ പടിഞ്ഞാറോട്ടൊഴുകുന്നു.

കേരളത്തിലൂടെ ഒഴുകുന്ന ഏറ്റവും വലിയ നദിയാണ് നിള.അതേസമയം പൂർണ്ണമായും കേരളത്തിലൂടെ ഒഴുകുന്ന ഏറ്റവും വലിയ നദി പെരിയാർ ആണ്.

ഭാരതപ്പുഴ പല നഗരങ്ങളുടേയും ,ഗ്രാമങ്ങളുടേയും ജീവനാഡിയാണ്.പാലക്കാട് പറളി കിള്ളിക്കുറുശ്ശിമംഗലം
ഒറ്റപ്പാലം ഷൊർണ്ണൂർ പട്ടാമ്പി തൃത്താല തിരുവേഗപ്പുറ കൂടല്ലൂർ,പള്ളിപ്പുറം കുറ്റിപ്പുറം കുമ്പിടി എന്നിവ ഭാരതപ്പുഴ ഒഴുകുന്ന പട്ടണങ്ങളിലും,ഗ്രാമങ്ങളിലും ഉൾപ്പെടും.പള്ളിപ്പുറം ഉൾക്കൊള്ളുന്ന പരുതൂർ ഗ്രാമം തൂതപ്പുഴയുടേയും ഭാരതപ്പുഴയുടേയും സംഗമസ്ഥാനത്താണ്.മായന്നൂരിൽ വച്ച് ഗായത്രിപ്പുഴ ഭാരതപ്പുഴയിൽ ലയിക്കുന്നു.



ലിറ്റിൽ കൈറ്റ്സ് ടീം

ജിഷ്ണു
9.എ

# തവളക്കുട്ടിയും മീനുകളും

ഒരുകുളത്തിൽ ഒരു തവളക്കുട്ടിയും,കുറേമീനുകളും ഉണ്ടായിരുന്നു.അവർ നല്ല കൂട്ടുകാരായിരുന്നു.ഒരുദിവസം തവളക്കുട്ടൻ ഉറങ്ങിക്കൊണ്ടിരിക്കുമ്പോൾ ഒരു സ്വപ്നം കണ്ടു.അവന്റെ കൂട്ടുകാരെക്കുറിച്ചായിരുന്നു അത്.അന്നു രാവിലെ അവൻ നേരത്തേ ഉണർന്നു.അച്ഛന്റേയും, അമ്മയുടേയും സമ്മതം വാങ്ങി നേരെ കൂട്ടുകാരെ കാണാൻ ചെന്നു.അവിടെച്ചെന്നപ്പോൾ
കണ്ടകാഴ്ച അവനെ ഞെട്ടിക്കുന്നതായിരുന്നു.അവന്റെ കൂട്ടുകാരും കുറേമീനുകളും വലയിൽ പെട്ടുകിടക്കുന്നു.അവരെല്ലാവരും തവളക്കുട്ടിയെക്കണ്ടപ്പോൾ രക്ഷിക്കണേയെന്നു വിളിച്ചു കരഞ്ഞു. തവളക്കുട്ടി ആ വല കടിച്ചുമുറിക്കാൻ നോക്കി. പറ്റിയില്ല.അവനുടനെ ഞണ്ടുചേട്ടനെ വിളിച്ചുകൊണ്ടുവന്നു. വല കടിച്ചുമുറിച്ചു.മീനുകളേയും തവളകളേയും രക്ഷിച്ചു.എല്ലാവർക്കും സന്തോഷമായി.എല്ലാവരും തവളക്കുട്ടിയോടു നന്ദി പറഞ്ഞു.

വിബിൻ
9.ബി

# ശൈലികൾ

| | |
|---|---|
| *മംഗളം പാടുക | അവസാനിപ്പിക്കുക |
| *ഉരുളക്കുപ്പേരി | ഉചിതമായ മറുപടി |
| *നാരദക്രിയ | ഏഷണി |
| *ചോര നീരാക്കുക | കഠിനാധ്വാനം ചെയ്യുക |
| *കൂപമണ്ഡൂകം | ലോകവിവരമില്ലാത്തവൻ |
| *ഓലപ്പാമ്പ് | ഭീഷണി |
| *അടവു പിഴക്കുക | തന്ത്രം തെറ്റുക |
| *ഇരുട്ടടി | ഒളിഞ്ഞിരുന്ന് ഉപദ്രവിക്കുക |
| *അജഗജാന്തരം | വലിയ വ്യത്യാസം |

# നന്ദി

വാക്കുകൾ പൂക്കുന്നു എന്ന മാഗസിന്റെപ്രവർത്തനങ്ങൾക്കുസഹായങ്ങൾനൽകിയഎല്ലാവർക്കും നന്ദി.

എഡിറ്റർ